276788

**C 23826** (Pages : 2) Name..............................

Reg. No..............................

# SECOND SEMESTER (CBCSS–UG) DEGREE EXAMINATION, APRIL 2022

(B.A./B.Sc.)

Malayalam

MAL 2A 08 (1)—MALAYALA SAHITHYAM – 2

(2019–2020 Admissions)

Time : Two Hours and a Half Maximum : 80 Marks

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1 "ജന്തുവിന്നു തുടരുന്നു വാസനാ-
ബന്ധമിങ്ങുടലുവീഴുവോളവും"
—ആശയം വിശദമാക്കുക.

2 സ്നേഹത്തെക്കുറിച്ചുള്ള തത്ത്വങ്ങൾ സൂര്യകാന്തിയിൽ കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ ?

3 നേർവഴി തെളിയിക്കാമായിരുന്ന പരശുരാമന് കാര്യവിവേകമില്ലാതെ പോയത് എന്തുകൊണ്ടാണെന്നാണ് മാരാര് പറയുന്നത് ?

4 "ബാലകന്മാരേ ! നടക്കേണ്ടതു മണ-
ലാരണ്യകാണ്ഡത്തിലല്ലയോ ?"
—വിവക്ഷിതമെന്ത് ?

5 "നിമിഷങ്ങളോ മീതെ നിത്യത താനോ ?
കുഞ്ഞിൻ ചിരിയോ പാരിൻ കൃതജ്ഞതയോ പരം മോക്ഷം"
—ആശയം വിശദമാക്കുക.

6 'കുതിരകൊമ്പ്' എന്ന കവിത അവതരിപ്പിക്കുന്ന ആശയസംഹിത എന്ത് ?

7 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിത നൽകുന്ന സന്ദേശമെന്ത് ?

8 മഹാഭാരതത്തിലെ ശകുന്തള തന്റേടക്കാരിയാണ് എന്നു പറയുന്നത് എന്തുകൊണ്ട് ?

9 'സ്വന്തം രചനയിലൂടെ ഇടപ്പള്ളിയുമിതു തന്നെയാണ് വിളിച്ചു പറഞ്ഞത്' നിരൂപകൻ ചൂണ്ടിക്കാട്ടുന്നതെന്ത് ?

10 യഥാതഥ നോവൽ രചയിതാക്കളിൽ നിന്ന് ബഷീർ മാറി നിൽക്കുന്നത് ഏതെല്ലാം തലങ്ങളിലാണ് ?

11 സൂതകുമാരൻ കുതിരക്കൊമ്പ് അന്വേഷിച്ചു നടക്കുന്നത് എവിടെല്ലാമാണെന്നാണ് കവി പറയുന്നത് ?

12 പരശുരാമൻ ആയുധമെടുക്കില്ലെന്ന തീരുമാനം മാറ്റാൻ കാരണമെന്താണെന്നാണ് മാരാര് പറയുന്നത് ?

**Turn over**

276788



13 'തൽക്ഷണം കറമ്പിരാവെന്തിനങ്ങോട്ടേയ്ക്കെത്തീ'–സന്ദർഭം വിശദമാക്കുക.

14 'കലോപാസകൻ' എന്ന കവിതയിൽ കവിയുടെ നിസ്സഹായാവസ്ഥ എന്ത് ?

15 ഇടപ്പള്ളിക്കവികളുടെ കാവ്യരീതിയെ എങ്ങനെ വിശേഷിപ്പിക്കാം ?

(25 marks)

II. ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16 "ഹാ മനുഷ്യനഥവാ ഹിതാർത്ഥമായ്
വാമലീല തുടരുന്നതാം വിധി"
–ആശയം വ്യക്തമാക്കുക.

17 ആധുനിക കവിതയുടെ ഉദയവികാസങ്ങൾ വിവരിക്കുക.

18 പാരമ്പര്യതിരസ്കാരത്തിന്റെയും രാഷ്ട്രീയ പരിഹാസത്തിന്റെയും വേദിയാണ് കതിരക്കൊമ്പ്' എന്ന കവിത–വിലയിരുത്തുക.

19 ശൈശവത്തിന്റേയും വാർധക്യത്തിന്റെയും അവസ്ഥകളെ 'അമ്മയെ കുളിപ്പിക്കുമ്പോൾ' എന്ന കവിതയിൽ എപ്രകാരം ആവിഷ്കരിച്ചിരിക്കുന്നു ?

20 "മണലടിഞ്ഞു മയങ്ങിക്കിടക്കട്ടെ
പ്രണയമറ്റതാമീ മൺപ്രദീപകം!"
–ഭാവതലം വ്യക്തമാക്കുക.

21 'അംബ'യെ മുൻനിർത്തി മാരാരുടെ നിരൂപണ ശൈലിയെക്കുറിച്ച് വിവരിക്കുക.

22 ബഷീറിന്റെ രചനകളിലെ എഴുത്തുകാരന്റെ സാന്നിദ്ധ്യത്തെക്കുറിച്ച് വിവരിക്കുക.

23 'മരണവും പ്രേമവും ഇടപ്പള്ളിക്ക് രണ്ടു നല്ല സഹോദരികളായിരുന്നു എന്ന് കെ.പി. അപ്പൻ സ്ഥാപിക്കുന്നതെങ്ങനെ ?

(35 marks)

III. ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. പരമാവധി മാർക്ക് 20.

24 മലയാള കവിതയ്ക്ക് ഒരു പുതിയ വഴി തുറന്നു തന്ന കവിയാണ് കുമാരനാശാൻ, 'നളിനി'യെ മുൻനിർത്തി സമർത്ഥിക്കുക.

25 ആധുനികതയുടെ ഭാവവൈവിധ്യങ്ങൾ 'കലോപാസകൻ', 'കുതിരക്കൊമ്പ്' എന്നീ കവിതകളിൽ ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുക.

26 സ്ത്രീയില്ലാത്ത മാതൃഭൂമി എന്ന ലേഖനത്തിൽ കല്പറ്റ നാരായണൻ അവതരിപ്പിക്കുന്ന ആശയങ്ങൾ എന്തെല്ലാം ? വിശദമാക്കുക.

27 കാളിദാസൻ കാലത്തിന്റെ ദാസനാണെന്ന് മുണ്ടശ്ശേരി സ്ഥാപിക്കുന്നതെങ്ങനെ ? വിവരിക്കുക.

(2 × 10 = 20 marks)

12385

276788